# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5253** — **15-11-2019-ൽ** മറുപടി നൽകേണ്ടത്

**<u>ഉന്നതവിദ്യാഭ്യാസ മേഖലയിൽ പരിഷ്കാരങ്ങൾ</u>**

<u>ചോദ്യം</u> — <u>ഉത്തരം</u>

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : **ഡോ. കെ .ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | വിദ്യാഭ്യാസ ആർജ്ജവവും ബിരുദാനന്തര ബിരുദ റേറ്റും എത്രമാത്രം ഉയർന്നാലും വിദ്യാർത്ഥികൾ ഈടുറ്റ മൂല്യം നേടുന്നില്ലെങ്കിൽ വിദ്യാഭ്യാസമേന്മ തുലോം തുച്ഛമായിരിക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | Outcome based Education അഥവാ ഫല പ്രാപ്തിയിലധിഷ്ഠിമായ വിദ്യാഭ്യാസം നൽകുക വഴി വിദ്യാർത്ഥികൾക്ക് ആർജ്ജവവും ഈടുറ്റ മൂല്യവും നേടാൻ കഴിയുന്ന വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിച്ചിട്ടുള്ളതിനാൽ വിദ്യാഭ്യാസമേന്മ തുലോം തുച്ഛമാണെന്ന് കരുതുന്നില്ല. |
| (ബി) | സർവ്വകലാശാലകളും കോളേജുകളും ഘടനാപരമായ മാറ്റങ്ങൾക്ക് വിധേയമാകുന്ന കാര്യത്തിൽ എത്രത്തോളം മുന്നോട്ട് പോയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | സർവ്വകലാശാലകളും കോളേജുകളും ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിനായി യു.ജി.സി യും മറ്റും മുന്നോട്ടുവയ്ക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തര കോഴ്സുകൾ പരിഷ്കരിക്കാൻ കൃത്യമായ ഇടവേളകളിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശ്രമം നടത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഭൗതികമായ കഴിവുകളും, തൊഴിൽ നൈപുണ്യവും, അതോ |

| | | | |
|---|---|---|---|
| | | | ടൊപ്പം സാമൂഹിക ഇടപെടലു കൾക്ക് ആർജ്ജിക്കേണ്ട സാമൂഹിക കഴിവുകളും പകർന്ന് കൊടുക്കുന്ന ബിരുദതല വിദ്യാഭ്യാസം, പുതിയ തൊഴിലു കൾക്കാവശ്യമായ ശേഷികളെ സംബന്ധിച്ചും ബഹുവിഷയാത്മക സമീപനത്തെ സംബന്ധിച്ചും അക്കാദമിക സമൂഹം ഉയർത്തുന്ന സംവാദത്തിന്റെ അടിസ്ഥാന ത്തിലുമാണ് അന്തർവൈ ജ്ഞാനിക പഠന മേഖലകൾ ഉൾപ്പെടെയുള്ളവയെ കരിക്കുല ത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹു വൈജ്ഞാനികവും അന്തർ വൈജ്ഞാനികവുമായ കോഴ്സുക ളുടെ പ്രാപ്യത ലക്ഷ്യമാക്കി കൊണ്ടാണ് ബിരുദതല വിദ്യാഭ്യാസം പുന:സംഘടിപ്പി ച്ചിട്ടുള്ളത്.<br>ശാസ്ത്രം, സാമൂഹ്യശാസ്ത്രം, മാനവികവിഷയങ്ങൾ, വാണിജ്യ പഠനം എന്നീ നാല് ധാരകളി ലാണ് ബിരുദതല പദ്ധതി വികസിപ്പിച്ചിട്ടുള്ളത്. |
| (സി) | സിലബസ് പരിഷ്കരണ പ്രക്രിയ ഓരോ അഞ്ച് വർഷം കൂടുമ്പോഴും നടത്തുക എന്ന രീതിക്ക് പകരം ഓരോ വർഷവും എന്ന നിലയി ലേക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നു ണ്ടോ; വ്യക്തമാക്കാമോ; | (സി) | നിലവിൽ പരിഗണനയില്ല. |
| (ഡി) | ദ്രുതഗതിയിൽ വിജ്ഞാന മേഖലയിൽ പരിവർത്തനങ്ങൾ നടക്കുമ്പോൾ സമാനരീതിയിലുള്ള പരിഷ്കാരങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കി കാലത്തിനനുയോജ്യമായ തരത്തിൽ മുന്നോട്ട് പോകുവാൻ | (ഡി) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ദേശീയ- അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തി |

| | | | |
|---|---|---|---|
| | വിദ്യാഭ്യാസ മേഖലയെ പ്രാപ്തമാക്കുമോ; വ്യക്തമാക്കാമോ? | | ക്കുന്ന മേഘനാഥ സാഹാ സെൻ്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ **[ORICE-Online Resource Initiative of Collegiate Education]** യിൽ **Beyond Syllabi,** മലയാള സാഹിത്യയാത്ര, **Winglish** എന്നീ മൂന്ന് പഠന പരമ്പരകളായി ഓൺലൈൻ ക്ലാസുകൾ നടന്നുവരുന്നു. കൂടാതെ **Walk with Scholar, FLAIR (Fostering Linkages For Academic Innovation and Research)** ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്റ്റിവിറ്റി, ആസ്പയർ സ്കോളർഷിപ്പ്, സാഹിത്യ, സംഗീതം, കല, പെർഫോമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പുകൾ, മറ്റ് വിവിധ സ്കോളർഷിപ്പുകൾ എന്നിവയും നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ ആർട്സ് & സയൻസ് കോളേജുകളിലും **'Jeevani- College Mental Awareness Programme",** സെൻറർ ഓഫ് എക്സലൻസ്, അക്കാദമിക്/ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, സമഗ്രമായ ലൈബ്രറി നവീകരണം, ലബോറട്ടറി വികസനത്തിനായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങുക എന്നി പദ്ധതികൾ ഈ സർക്കാറിന്റെ കാലത്ത് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി അത്യാധുനിക സ്മാർട്ട് ക്ലാസ്സ് മുറികൾ, ഹോസ്റ്റൽ സൗകര്യങ്ങൾ, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ, ക്യാമ്പസ് നെറ്റ് വർക്ക്, ഫിറ്റ്നസ് സെന്റർ, എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിൽ **AICTE** അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ, സമഗ്രമായ ഐ.സി.റ്റി പദ്ധതി, അന്തർ ദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കൽ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ എഞ്ചിനീയറിംഗ് പോളിടെക്നിക് കോളേജിലും പുതുക്കിയ പാഠ്യ പദ്ധതിക്കനുസൃതമായി ലൈബ്രറി പുസ്തകങ്ങളും നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങുകയും ചെയ്തു.<br><br>ഗവേഷണ/പരിശീലന പദ്ധതികളുടെ ഭാഗമായി വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ് ഗാന്ധി |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിങ് ലാബ്, ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനിയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.<br><br>എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച കംപ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇൻറർനെറ്റ് കണക്ടിവിറ്റിയോടുകൂടിയ ടെക്നോളജി ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. സ്വകാര്യ മേഖലയുടെ **(BOSCH, Mercedes Benz** തുടങ്ങിയവരുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. **CET-SAT** എന്ന |

| | | | |
|---|---|---|---|
| | | | ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്പ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എഞ്ചിനിയറിംഗ് വിഷയത്തിന്റെ ബിരുദാനന്തര ബിരുദ പാഠ്യപദ്ധതിയിൽ സ്പെഷ്യലൈസേഷൻ ആയി ഉൾപ്പെടുത്തിയതു വഴിയും M.Tech in Artifical Intelligence, M.Tech in Robotics and Industrial Automation, M.Tech in Translation Engineering എന്നീ നൂതന ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിച്ചതുവഴിയും കാലത്തിനനുയോജ്യമായ തരത്തിൽ മുന്നോട്ട് പോകുവാൻ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയെ പ്രാപ്തമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**